പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**<u>മങ്കട ബ്ലോക്ക് പഞ്ചായത്ത് സ്ഥലത്തെ എ.ഇ.ഒ ഓഫീസ് കെട്ടിടം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5580 — 27-03-2018-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| ശ്രീ. ടി.എ.അഹമ്മദ് കബീർ | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | മങ്കട ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച മങ്കട എ.ഇ.ഒ ഓഫീസിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ: | (എ) | കേരള പഞ്ചായത്ത് രാജ് ആക്റ്റ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയിട്ടില്ലാത്ത വിദ്യാഭ്യാസ മേഖലയിൽപ്പെട്ട വിദ്യാഭ്യാസ ഉപജില്ലാ ആഫീസിന് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം വിട്ടു നൽകുന്നതിന് സർക്കാർ അനുമതി നൽകേണ്ടതുണ്ട്. ഇത് സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ പ്രപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഈ ഓഫീസ് കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ തന്നെ നിർമ്മിക്കാമെന്ന് ഭരണസമിതി തിരുമാനമെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം വിശദമാക്കുമോ: | (ബി) | ഭരണസമിതിയുടെ തീരുമാനത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്റ്റ് നാലാം പട്ടിക പ്രകാരമല്ലാത്തതിനാൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരമുള്ള തുടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. |
| (സി) | സർക്കാർ ഉത്തരവും ഭരണസമിതി തീരുമാനവും ഉള്ള സ്ഥിതിക്ക് അടിയന്തരമായി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 31-10-2017-ലെ സ.ഉ. (സാധാ) നമ്പർ 4078/2017/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം മങ്കട നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ ഉപജില്ലാ ആഫീസിന് കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലം വിട്ടുനൽകി ഉത്തരവായിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം എ.ഇ.ഒ. ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയിട്ടില്ലാത്ത സ്ഥാപനം ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് മങ്കട ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ സ്ഥലം വിട്ടുനൽകുന്നതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമാണ്. അനുമതിക്കായുള്ള പ്രപ്പോസൽ ലഭിക്കുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് . |

**സെക്ഷൻ ഓഫീസർ**